/64069/2022

സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം
സ്റേറ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ
നടപടി ക്രമങ്ങൾ
(ഹാജർ.ബിന്ദുഗോപിനാഥ്, ഡയറക്ടർ വനിത ശിശു വികസന വകുപ്പ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐ.സി.പി.എസ് - കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥരായ കുട്ടികൾക്കുള്ള ധനസഹായം നൽകുന്ന പദ്ധതി - തുക അനുവദിച്ചുത്തരവാകുന്നു

പരാമർശം:
1. സ.ഉ (കൈ) നം. 18 /സാമൂഹ്യനീതി തിയതി 20.06.2021.
2. സ.ഉ (കൈ) നം. 1 /2021 /WCDD തിയതി 17 .08 .2021.
3. ഈ കാര്യാലയത്തിലെ 31.08.2021 ലെ ICPS 4A / 1602/ 2021 നമ്പർ സർക്കുലർ.
4. സ.ഉ (സാധാ) നം. 317 /2022 /WCDD തിയതി 06 .07 .2022.
5. ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ DWCD / 2609 / 2022 - ICPS -7 തീയതി 26.08.2022.

**ഉത്തരവ് നം. DWCD/ 2609 / 2022 -ICPS -7 തീയതി: 28-10-2022**

കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെടുകയും കുട്ടികൾ അനാഥരാവുകയും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ എല്ലാ കുട്ടികൾക്കും സഹായം അനുവദിച്ച് പരാമർശം (1) പ്രകാരവും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്.

പദ്ധതി പ്രകാരം കുട്ടികൾക്ക് ഒറ്റ തവണയായി 3 ലക്ഷം രൂപ ഫിക്സഡ് ഡെപ്പോസിറ്റായി 18 വയസ്സിനു ശേഷം പിൻവലിക്കാവുന്ന തരത്തിൽ അനുവദിക്കുന്നതിനോടൊപ്പം പ്രതിമാസമായി 2000 രൂപ വീതം 18 വയസ്സ് പൂർത്തിയാകുന്നതു വരെ അനുവദിക്കുന്നതാണ്. പരാമർശം (3) പ്രകാരം ബാൽ സ്വരാജ് / പി.എം കെയർ എന്നിവിടങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം കോവിഡ് ധനസഹായ പദ്ധതിക്കായി 78,00,000/- രൂപയുടെ (എഴുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ഭരണാനുമതി പരാമർശം (4) പ്രകാരം ലഭിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ 21,00,000/- രൂപ (ഇരുപത്തിയൊന്നു ലക്ഷം രൂപ മാത്രം) സൂചന (5) ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കുകയുണ്ടായി. തുടർന്നുള്ള മാസങ്ങളിലെ കോവിഡ് ധന സഹായം അനുവദിക്കുന്നതിനായി, ലഭ്യമായ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ 2022 സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ 18 വയസ്സ് പൂർത്തിയാകാത്ത ഗുണഭോക്താക്കളായ 3 കുട്ടികൾക്ക് 3 ലക്ഷം രൂപ വീതം സ്ഥിര നിക്ഷേപമായി 9,00,000/- രൂപയും (ഒൻപത് ലക്ഷം രൂപ മാത്രം) ടി കുട്ടികളെ ഉൾപ്പെടുത്തി 116 കുട്ടികൾക്ക് പ്രതിമാസ തുക, കുടിശ്ശിക തുക എന്നിവ ചേർന്ന് 8,54,000/- രൂപയും (എട്ട് ലക്ഷത്തി അമ്പത്തിനാലായിരം രൂപ മാത്രം) ഉൾപ്പെടെ 17,54,000/- (പതിനേഴ് ലക്ഷത്തി അമ്പത്തിനാലായിരം രൂപ മാത്രം) ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്

/64069/2022

ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| ക്രമ നം | ജില്ല | സ്ഥിര നിക്ഷേപം | പ്രതിമാസ തുക | മൊത്തം തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 300000 | 140000 | 440000 |
| 2. | കൊല്ലം | - | 88000 | 88000 |
| 3. | പത്തനംതിട്ട | - | 16000 | 16000 |
| 4. | ആലപ്പുഴ | - | 58000 | 58000 |
| 5. | കോട്ടയം | - | 44000 | 44000 |
| 6. | ഇടുക്കി | - | 32000 | 32000 |
| 7. | എറണാകുളം | - | 48000 | 48000 |
| 8. | തൃശ്ശൂർ | - | 112000 | 112000 |
| 9. | പാലക്കാട് | - | 72000 | 72000 |
| 10. | മലപ്പുറം | - | 92000 | 92000 |
| 11. | കോഴിക്കോട് | 600000 | 12000 | 612000 |
| 12. | വയനാട് | - | 16000 | 16000 |
| 13. | കണ്ണൂർ | - | 80000 | 80000 |
| 14. | കാസർഗോഡ് | - | 44000 | 44000 |
| | ആകെ തുക | 9,00,000 | 8,54,000 | **17,54,000** |

മേൽപ്പട്ടിക പ്രകാരമുള്ള തുക ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് കൈമാറേണ്ടതും പരാമർശം (3) ലെ നിർദ്ദേശം അനുസരിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. ബന്ധപ്പെട്ട കുട്ടികൾക്ക് തുക അനുവദിക്കുന്നതിന് മുമ്പായി ടി കുട്ടികൾക്ക് 18 വയസ്സ് പൂർത്തീകരിച്ചിട്ടില്ലെന്ന് ജനന തീയതിയുമായി ഒത്തുനോക്കി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

**17,54,000/-രൂപ** ,കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥരായ കുട്ടികൾക്കുള്ള ധനസഹായത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-21 (P) 00-34-03 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 2 കോടി രൂപയിൽ നിന്നും അനുവദിക്കേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി**

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് (എ) സെക്ഷൻ
2. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്
3. ഐ സി പി എസ് 10
4. വെബ് സൈറ്റ്
5. സ്പെയർ കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT